പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2680 — 18.08.2017-ലെ മറുപടിക്ക്

## അങ്കമാലി - എരുമേലി റെയിൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലയോര മേഖലയ്ക്ക് കൂടി ഏറെ പ്രയോജനം ചെയ്യുമായിരുന്ന അങ്കമാലി - എരുമേലി റെയിൽ പദ്ധതി റെയിൽവേ മന്ത്രാലയം ഉപേക്ഷിച്ചതായി വിവരം ലഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചതിനുശേഷം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അനിശ്ചിതത്വം ഉണ്ടായതിന്റെ കാരണം വിശദമാക്കുമോ; | (ബി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകളിൽ നിന്നും എതിർപ്പുകൾ ഉണ്ടായത് പദ്ധതിയുടെ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്. |
| (സി) | എരുമേലിക്കടുത്ത് പുതിയ വിമാനത്താവളം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അങ്കമാലി - എരുമേലി റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | അങ്കമാലി - എരുമേലി റെയിൽ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഏരുമേലിയിൽ നിന്നും നിർദ്ദിഷ്ട ശബരി റെയിൽ പാത പുനലൂരു മായി ബന്ധപ്പെടുത്തിയാൽ അത് മലയോര മേഖലയുടെ വൻ വികസനത്തിന് കളമൊരുക്കു മെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റെയിൽവെ ലൈൻ പുനലൂർ വരെ ദീർഘിപ്പി ക്കുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരി ക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട റെയിൽവേ ലൈൻ എരുമേലിയിൽ നിന്നും പുനലൂരി ലേക്ക് നീട്ടുന്നത് സംബന്ധിച്ച് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ഇ) | റെയിൽവെ വികസനം സമയ ബന്ധിതമായി പൂർത്തിയാക്കുന്ന തിനായി സംസ്ഥാന സർക്കാർ റെയിൽവേ ബോർഡുമായി ഒപ്പിട്ട കരാറിൽ ഈ റെയിൽ പദ്ധതി കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാന സർക്കാരിന്റെയും റെയിൽ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായി രൂപീകരിക്കപ്പെട്ട കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഈ പദ്ധതി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**